# കൈത്താക്കാലം
## വചന വിചിന്തനം
### കൈത്താക്കാലം ആറാം ഞായർ
**ലൂക്കാ 17,11-19**

"ക്രിസ്തു ഒരു ഗ്രാമത്തിൽ പ്രവേശിച്ചപ്പോൾ
അകലെ നിന്നിരുന്ന പത്തു കുഷ്ഠരോഗികൾ അവനെക്കണ്ടു...
അവരെക്കണ്ടപ്പോൾ അവൻ പറഞ്ഞു..."
(ലൂക്കാ 17,12).

> ***ദൈവം അകലെ നിൽക്കുന്നവന്റെപ്പോലും നിലവിളിയും കണ്ണുനീരും കാണുന്നവനാണ്!***

*അൽഭുതങ്ങൾ കണ്ണ് തുറപ്പിക്കുന്നതായിരിക്കണം. അൽഭുതങ്ങൾ അനുഗ്രഹങ്ങൾ സമ്മാനിക്കുന്നവനെ തിരിച്ചറിയാനുള്ള ഇടമായിരിക്കണം!*

ദൈവം അകലെനിന്ന് നിലവിളിക്കുന്നവന്റെ നിലവിളിക്കുപ്പോലും ഉത്തരം സമ്മാനിക്കുന്നവനാണ്. മതത്തിന്റെയും മാമൂലുകളുടെയും പേരിൽ, രോഗത്തിന്റെയും പാപത്തിന്റെയും പേരിൽ മാനുഷീകവിധിയനുസരിച്ച് ദൈവത്തിൽനിന്നും ദേവാലയത്തിൽനിന്നും മനുഷ്യരെ അകറ്റിനിർത്തുമ്പോൾ പ്രാർത്ഥിക്കുന്നതിനുമുമ്പേ ഉത്തരം സമ്മാനിക്കുന്ന ദൈവം കണ്ണുനീരിനുള്ള ഉത്തരമായി കടന്നുവരുന്നു. വചനഭാഗത്തിലേയ്ക്ക് ശ്രദ്ധിക്കുക;

ക്രിസ്തുവും ശിഷ്യൻമാരും ജറുസലേമിലേയ്ക്കുള്ള യാത്രയിലാണ്. വി.ലൂക്കായുടെ സുവിശേഷമനുസരിച്ച് 9,51 ൽ ആരംഭിക്കുന്ന യാത്ര അവസാനിക്കുന്നത് 19,27 ലാണ്. ജറൂസലെമിലേക്കുള്ളയാത്രയിൽ ക്രിസ്തുവും ശിഷ്യൻമാരും സമരിയായ്ക്കും ഗലീലിക്കും മധ്യേ കടന്നുപോവുകയായിരുന്നു. ഇതിനുവേണ്ടി അവൻ തന്റെ ശിഷ്യൻമാരോടൊപ്പം ഒരു ഗ്രാമത്തിൽ പ്രവേശിച്ചു. ഈ സമയം അകലെ നിന്നിരുന്ന പത്തു കുഷ്ഠരോഗികൾ അവനെക്കണ്ടു. സൗഖ്യം നേടേണ്ടവർ അടുത്താണ് നിൽക്കേണ്ടത്. എന്നിട്ടും, ഈ കുഷ്ഠരോഗികൾ എന്തുകൊണ്ടാണ് അകന്ന് നിൽക്കുന്നത്? ഇതിന് ഉത്തരം കിട്ടണമെങ്കിൽ ലേവ്യരുടെ പുസ്തകത്തിലും സംഖ്യയുടെ പുസ്തകത്തിൽ കർത്താവ് മോശയോടും അഹറോനോടും അരുൾ ചെയ്യുന്നതിന്റെ പൊരുൾ തിരിച്ചറിയാൻ സാധിക്കണം.

"കുഷ്ഠം ബാധിക്കുന്നവനെ പുരോഹിതൻെറ അടുക്കൽകൊണ്ടുപോകണം. പുരോഹിതൻ അവനെ പരിശോധിക്കണം. ശരീരത്തിലെ തടിപ്പും ആ ഭാഗത്തെ രോമവും വെളുത്തിരിക്കുകയും അതിൽ ചലം നിറഞ്ഞിരിക്കുകയും ചെയ്താൽ, അത് പഴകിയ കുഷ്ഠമാണ്. അവൻ അശുദ്ധനെന്നു പ്രഖ്യാപിക്കണം... കുഷ്ഠമുള്ളവൻ കീറിയ വസ്ത്രം ധരിക്കുകയും, മുടി ചീകാതിരിക്കുകയും മേൽച്ചുണ്ട് തുണികൊണ്ടു മറയ്ക്കുകയും അശുദ്ധൻ അശുദ്ധൻ എന്നുവിളിച്ചുപറയുകയും വേണം. രോഗമുള്ള കാലമെല്ലാം അവൻ അശുദ്ധനാണ്. അവൻ പാളയത്തിനു വെളിയിൽ ഒരു പാർപ്പിടത്തിൽ ഏകനായി വസിക്കണം. " (ലേവ്യർ 13,9-12; 4546).

"കുഷ്ഠരോഗികളെയും സ്രാവമുള്ളവരെയും മൃതശരീരം തൊട്ട്

അശുദ്ധരായവരെയും പാളയത്തിൽനിന്നു പുറത്താക്കാൻ ഇസ്രായേൽജനത്തോടു കൽപിക്കുക. ഞാൻ വസിക്കുന്ന പാളയം അശുദ്ധമാകാതിരിക്കാൻ നീ അവരെ, സ്ത്രീയായാലും പുരുഷനായാലും, പുറത്താക്കണം" (സംഖ്യ 5,2 –3).

ഇക്കാരണത്താൽ കുഷ്ഠരോഗികൾ മനുഷ്യരിൽനിന്നും ഒരു കൈയകലം പാലിച്ചാണ് ജീവിച്ചിരുന്നതും; യഹൂദർ കുഷ്ഠരോഗികളെ അകറ്റി നിറുത്തിയിരുന്നതും. കുഷ്ഠരോഗത്തിന്റെപേരിൽ വെറുപ്പിന്റെയും ഒറ്റപ്പെടലിന്റെയും വലിയ നൊമ്പരം അനുഭവിച്ചിരുന്ന അവരുടെ ജീവിതത്തിലെ വലിയ ആഗ്രഹമെന്താണ് എന്ന് ചോദിച്ചാൽ അവർക്ക് പറയാനുള്ളത് ഒറ്റ ഉത്തരം മാത്രം; എങ്ങനെയെങ്കിലും ഈ കുഷ്ഠരോഗത്തിൽ നിന്ന് രക്ഷ പ്രാപിക്കണം. അതുകൊണ്ടുതന്നെ അവരുടെ ജീവിത്തിലെ വലിയ ആഗ്രഹത്തോടൊപ്പം വലിയ പ്രാർത്ഥനയും ഇത് തന്നെയായിരുന്നു; "ദൈവമേ, ഈ കുഷ്ഠരോഗത്തിൽ നിന്ന് വലിയ സൗഖ്യം നൽകി അനുഗ്രഹിക്കണമേ!"

ഈ പ്രാർത്ഥന തന്നെയാണ് പത്ത് കുഷ്ഠരോഗികൾ ക്രിസ്തുവിനെ അവന്റെ ശിഷ്യൻമാരോടൊപ്പം കാണുമ്പോൾ പ്രാർത്ഥിക്കുന്നത്;

"അവർ (പത്ത് കുഷ്ഠരോഗികൾ) സ്വരമുയർത്തി യേശുവേ, ഗുരോ, ഞങ്ങളിൽ കനിയണമേ എന്ന് അപേക്ഷിച്ചു" (ലൂക്കാ 17,13). കണ്ണുള്ളപ്പോൾ കണ്ണിന്റെ വിലയറിയില്ല എന്ന് പറയുന്നത് എത്രയോ സത്യമാണ്. ഒരുവൻ രോഗിയായി മാറ്റപ്പെടട്ടെ. അവന്റെ ആയുസിന്റെ മുഴുവൻ പ്രാർത്ഥനയും രോഗത്തിൽ നിന്ന് സൗഖ്യം നൽകി അനുഗ്രഹിക്കണമേ എന്നതായിരിക്കും. ഇത് തന്നെയാണ് കുഷ്ഠരോഗികളിൽ നടക്കുന്നത്. ക്രിസ്തുവിനോട് ഒരു കൈയകലം പാലിച്ച് ഞങ്ങളിൽ കനിഞ്ഞ് സൗഖ്യം നൽകി അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിക്കുന്നവരുടെ അടുത്തേയ്ക്ക് ക്രിസ്തു കടന്ന് ചെല്ലുകയാണ്. ക്രിസ്തു അവരുടെ അടുത്തെത്തി, അവരെക്കണ്ടപ്പോൾ അവൻ പറഞ്ഞു;

പത്ത് കുഷ്ഠരോഗികളുടെ സംഭവം പഠിപ്പിക്കുന്നത്; കർത്താവിൽനിന്ന് അനുഗ്രഹം സ്വന്തമാക്കുന്നവരിൽ 90% ആളുകളും കർത്താവിനെ ഉപേക്ഷിക്കും!

"പോയി നിങ്ങളെത്തന്നെ പുരോഹിതൻമാർക്കു കാണിച്ചു കൊടുക്കുവിൻ" (ലൂക്കാ 17,14).

പിന്നീട്, വചനം പറയുന്നത് ഇപ്രകാരമാണ്; "പോകുംവഴി അവർ സുഖം പ്രാപിച്ചു" (ലൂക്കാ 17,14). ചുരുക്കത്തിൽ സുവിശേഷകൻ സമർത്ഥിക്കാൻ പരിശ്രമിക്കുന്നത്, "ദൈവം അടുത്ത് നിൽക്കുന്നവരുടെ മാത്രമല്ല, മറിച്ച്, അകലെ നിൽക്കുന്നവരുടെ കണ്ണുനീർ കാണുന്നവനും ഉത്തരം നൽകുന്നവനുമാണ്." അവനിൽനിന്നും സൗഖ്യം സ്വന്തമാക്കാൻ അവശ്യം വേണ്ട നന്മ വിശ്വാസം എന്നത് മാത്രമാണ്! പത്ത് കുഷ്ഠരോഗികൾ വിശ്വാസത്തോട് കൂടെ കർത്താവിനെ വിളിച്ചപേക്ഷിച്ചു. അത് അവർക്ക് അനുഗ്രഹമായി ഭവിച്ചു. വിശ്വാസത്തോടുകൂടെ കർത്താവിനെ സമീപിച്ചവർ കർത്താവിനോട് പറയാതെ പറഞ്ഞത്, "കർത്താവേ, നീ മാത്രമാണ് ഞങ്ങളുടെ അഭയം. നിനക്ക് മാത്രമെ ഞങ്ങളെ സുഖപ്പെടുത്താൻ സാധിക്കൂ. കർത്താവേ, ഞങ്ങളിൽ കനിയണമേ..." വിശ്വാസത്തോടുകൂടെയുള്ള അവരുടെ പ്രാർത്ഥന കർത്താവ് അനുഗ്രഹമായി മാറ്റുകയാണ്. ചുരുക്കത്തിൽ, വിശ്വാസത്തോടുകൂടെ കർത്താവിനെ സമീപിക്കുന്നവർക്ക് കർത്താവ് സമീപസ്ഥനാണ്!

പത്ത് കുഷ്ഠരോഗികൾ കർത്താവിൽനിന്ന് അനുഗ്രഹം സ്വന്തമാക്കുന്ന സംഭവും ഉണർത്തുന്ന മറ്റൊരു ചിന്ത, "കർത്താവിൽനിന്ന് അനുഗ്രഹങ്ങൾ സ്വന്തമാക്കുന്നതിനനുസരിച്ച് ദൈവത്തോട് നന്ദിയുള്ളവരായിരിക്കണം" എന്നുള്ളതാണ്.

ക്രിസതു പറഞ്ഞതും അനുസരിച്ച് സൗഖ്യം സ്വന്തമാക്കാനായി തങ്ങളെത്തന്നെ

പുരോഹതൻക്ക് കാണിച്ചുകൊടുക്കാനായി പോകുംവഴി ആ പത്ത് കുഷ്ഠ രോഗികളും സുഖം പ്രാപിച്ചു. പക്ഷെ, അവരിൽ സമരിയാക്കാരനായ ഒരുവൻ, താൻ രോഗവിമുക്തനായി എന്നുകണ്ട് ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടു തിരിച്ചുവന്നു. അവൻ യേശുവിന്റെ കാൽക്കൽ സാഷ്ടാംഗം പ്രണമിച്ചു നന്ദി പറഞ്ഞു. ഇത് കണ്ട ക്രിസ്തു അവനോട് ചോദിച്ചു:

"പത്തുപേരല്ലേ സുഖപ്പെട്ടത്? ബാക്കി ഒൻപതു പേർ എവിടെ?"

ക്രിസ്തുവിന്റെ ഈ ചോദ്യത്തിനുമുമ്പിൽ കുനിഞ്ഞ ശിരസുമായി നിൽക്കുന്ന സമരിയാക്കാരനെ ശ്ലാഘിച്ചിട്ട് എല്ലാവരോടുമായി ക്രിസ്തു പറഞ്ഞു;

''ഈ വിജാതീയനല്ലാതെ മറ്റാർക്കും തിരിച്ചുവന്നു ദൈവത്തെ മഹത്വപ്പെടുത്തണം എന്നു തോന്നിയില്ലേ? എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (ലൂക്കാ 17,19). ഒമ്പതുപേർ സൗഖ്യം കൊണ്ട് തൃപ്തിയടഞ്ഞപ്പോൾ ഒരുവൻമാത്രം സൗഖ്യം കൊണ്ടും രക്ഷകൊണ്ടും തന്റെ ജീവിതത്തെ അനുഗ്രഹപൂർണ്ണമാക്കുന്നു. ചുരുക്കത്തിൽ, ക്രിസ്തു ചോദിക്കുന്നത്, "നിനക്ക് സൗഖ്യം മാത്രം മതിയോ? അതോ, സൗഖ്യവും രക്ഷയും വേണോ?" സൗഖ്യം മാത്രം മതിയെങ്കിൽ വിശ്വാസത്തോടെ ക്രിസ്തുവിനെ സമീപിച്ചാൽ മതി. സൗഖ്യവും രക്ഷയും വേണമെങ്കിൽ വിശ്വാസത്തോടുകൂടെ ക്രിസ്തുവിനെ സമീപിക്കുകയും ലഭിച്ച അനുഗ്രഹത്തിന് നന്ദി പറയുകയും വേണം. ഇതിന് അടിസ്ഥാനം വേണ്ട നന്മ ''ആത്മാർത്ഥത'' എന്ന പുണ്യമാണ്. ഇന്ന് മറ്റുള്ളവരോട് നന്ദി പറയാൻ സാധിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം അത്മാർത്ഥത ഇല്ലായ്മയാണ്. വളരെ രസകരമായ ഒരു സംഭവം കേട്ടിരിക്കുന്നത് ഇപ്രകാരമാണ്;

*കുഷ്ഠരോഗികളുടെ വിശ്വാസം അപാരം തന്നെയാണ്! ഒന്നുറപ്പാണ്, തകർച്ചകളിൽ ഒരുവൻ വലിയ വിശ്വാസിയായ് മാറ്റപ്പെടും!*

സർക്കാർ ഓഫീസിലെ ജോലിക്കാരൻ തന്റെ സൂപ്പീരിയറിന്റെ അടുത്ത്;

"സാർ, മൂന്നു മണിയായി ഞാൻ പൊക്കോട്ടെ?"

ഇത് കേട്ട ഓഫീസർ തന്റെ സഹപ്രവർത്തകന്റെ അടുത്ത് കുശലന്വേഷണത്തിന് വേണ്ടി ഇപ്രകാരം ചോദിച്ചു; "എന്താണിത്ര ധൃതി ഇത്ര നേരത്തെ പോകാൻ?"

ഇത് കേട്ട ജോലിക്കാരൻ വളരെ തന്മയത്വത്തോട് കൂടെ തന്റെ ഓഫിസറുടെ അടുത്ത് പറയുകയാണ്;

"വീട്ടിൽ, പറമ്പ് കിളയ്ക്കാൻ ഒരു പണിക്കാരനെ നിർത്തിയിട്ടുണ്ട്, ഞാൻ ചെന്നില്ലെങ്കിൽ അയാൾ നാലരയ്ക്ക് പണി നിർത്തും. ജോലിയിൽ ഒരു ആത്മാർത്ഥതയുമില്ലാത്ത കള്ളനാണവൻ!"

കണ്ണിൽ തടിയിരിക്കുന്നവൻ കണ്ണിൽ കരടിരിക്കുന്നവനെ കുറ്റം പറയുന്നതുപോലെയാണിത്. ജീവിതത്തിൽ നന്ദിയുടെ വികാരം കുറഞ്ഞ് പോകുന്നുണ്ടോ, അതിനുള്ള കാരണം ആത്മാർത്ഥതയെന്ന വികാരം കുറഞ്ഞുപോകുന്നതുകൊണ്ടാണ്. ഓർക്കുക, സൗഖ്യം കൊണ്ടുമാത്രം തൃപ്തിയടയാതെ സൗഖ്യം കൊണ്ടും രക്ഷകൊണ്ടും തൃപ്തിയടയാൻ ചെയ്യേണ്ടത് വിശ്വാസത്തോടുകൂടെ കർത്താവിനെ സമീപിക്കുകയും, ഒപ്പം, നന്ദി നിറഞ്ഞ ജീവിതവും നയിക്കുക.

**"നിയമദാതാവും ന്യായാധിപനുമായി ഒരുവനേയുള്ളൂ.
അവിടുന്നു രക്ഷിക്കാനും നശിപ്പിക്കാനും കഴിവുള്ളവനാണ്."**
യാക്കോബ് 4,12

ഫാ. ജോബി മേനോത്ത്
+91 9447777931